# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1775

16/02/2016-ന് മറുപടിക്ക്

## പി.എസ്സ്.സി. റാങ്ക് ലിസ്റ്റുകൾ

**ചോദ്യം**

ശ്രീ.ജോസഫ് വാഴയ്ക്കൻ
ശ്രീ.ഹൈബി ഈഡൻ
ശ്രീ.പി.എ.മാധവൻ
ശ്രീ.ഷാഫി പറമ്പിൽ.

**ഉത്തരം**

ശ്രീ.ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | പി.എസ്സ്.സി. റാങ്ക് ലിസ്റ്റുകളുടെ സമയബന്ധിതമായ പ്രസിദ്ധീകരണത്തിനായി ആവിഷ്കരിച്ച കർമ്മ പദ്ധതിയിലൂടെ എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ; | (എ) | എല്ലാ തസ്തികകളിലും സമയബന്ധിതമായി റാങ്ക് പട്ടിക പ്രസിദ്ധീകരിച്ച്, റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാത്ത കാരണത്താൽ ജീവനക്കാരുടെ അഭാവം ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കുക എന്നതും, അതുവഴി പൊതുജനങ്ങൾക്ക് സർക്കാർ സേവനങ്ങൾ കാലവിളംബം കൂടാതെ ലഭ്യമാക്കുക എന്നതുമാണ് ലക്ഷ്യം. ഡോക്ടർമാർ, എൽ.ഡി.സി, എൽ.ജി.എസ്., അസിസ്റ്റന്റ് (സെക്രട്ടേറിയറ്റ്/പി.എസ്.സി), പോലീസ് വകുപ്പിലെ വിവിധ തസ്തികകൾ എന്നിവയുടെ റാങ്ക് പട്ടികകൾ സമയബന്ധിതമായി പ്രസിദ്ധീകരിച്ചു വരുന്നുണ്ട്. യൂണിഫോംഡ് ഫോഴ്സിലെ വിവിധ തസ്തികകൾക്ക് വാർഷിക നിയമനം സാധ്യമായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (ബി) | ഒരു തസ്തികയുടെ റാങ്ക് പട്ടികാ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് പുതിയ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനായി തെരഞ്ഞെടുപ്പ് നടപടി ക്രമങ്ങളുടെ വേഗത വർദ്ധിപ്പിക്കുവാൻ പി.എസ്സ്.സി. നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി one time Registration, one time Verififcation എന്നീ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. പരീക്ഷാ നടത്തിപ്പിന്റെ വേഗത, കാര്യക്ഷമത, കൃത്യത എന്നിവ വർദ്ധിപ്പിക്കുന്നതിനായി online പരീക്ഷ ആരംഭിച്ചു. ഇതിലേക്കായി തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം ജില്ലകളിലായി online പരീക്ഷാ കേന്ദ്രങ്ങൾ പ്രവർത്തിച്ച് വരുന്നു. കോഴിക്കോട് ജില്ലയിലെ online പരീക്ഷാ കേന്ദ്ര നിർമ്മാണം പുരോഗമിക്കുകയാണ്. |

സെക്ഷൻ ഓഫീസർ